**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 310** **29-01-2024 - ൽ മറുപടിയ്ക്ക്**

**സബ്സിഡി സാധനങ്ങൾക്ക് വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോ വഴി വിതരണം നടത്തുന്ന സബ്സിഡി സാധനങ്ങളുടെ വില വിപണി വിലയ്ക്ക് ആനുപാതികമായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സപ്ലൈകോയുടെ പ്രവർത്തനവും നിലവിലെ സാമ്പത്തിക സ്ഥിതിയും വിലയിരുത്തുന്നതിനും, നിലവിലെ സ്ഥിതി സുസ്ഥിരമായി മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും 24-11-2023 -ലെ സ.ഉ.(സാധാ) നം.473/2023/F&CS ഉത്തരവ് പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് അംഗവും സാമ്പത്തിക ശാസ്ത്ര വിദഗ്ദ്ധനുമായ ഡോ. രവിരാമൻ അധ്യക്ഷനായും ഭക്ഷ്യ പൊതുവിതരണ വകുപ്പ സെക്രട്ടറി, സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിലെ വിപണി ഇടപെടൽ പ്രത്യേകമായി വിശകലനം ചെയ്യുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പുതുക്കിയ വിലനിർണ്ണയ സ്കീമുകളും, സ്കീമിനു കീഴിൽ പുതിയ ഇനങ്ങളും നിർദ്ദേശിക്കുവാനും, സപ്ലൈകോ വിപുലീകരിക്കാൻ കഴിയുന്ന ബിസിനസ്സ് മാർഗ്ഗങ്ങൾ പരിശോധിക്കാനും സമിതിയോട് ആവശ്യപ്പെട്ടിരുന്നു. സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | ഇത്തരത്തിൽ വില വർദ്ധനവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ശിപാർശകൾ സമർപ്പിക്കുന്നതിനായി വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; | (ബി) | (എ) പിരിവിൽ കാണാവുന്നതാണ്. |
| (സി) | എങ്കിൽ സമിതിയുടെ ഘടനയും ധർമ്മവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (സി) | (എ) പിരിവിൽ കാണാവുന്നതാണ്. |
| (ഡി) | ഈ വിഷയവുമായി ബന്ധപ്പെട്ട് സമിതി ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വിശദമാക്കാമോ? | (ഡി) | (എ) പിരിവിൽ കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ